"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വിവിധ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ നിന്നും അനുവദിച്ചിട്ടുള്ള വായ്പകൾക്ക് റിസ്ക്ഫണ്ട് നിയമാവലിയിൽ ഇളവ് വരുത്തി നൽകുന്ന ധനസഹായം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.89/2026/Co-Op തീയതി,തിരുവനന്തപുരം, 25-02-2026

പരാമർശം:-
1. കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡിന്റെ 28/01/2026 -ലെ 4-ാം നമ്പർ തീരുമാനം.
2. കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ് ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറിയുടെ 09/02/2026 -ലെ 15108/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിവിധ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ നിന്നും അനുവദിച്ചിട്ടുള്ള വായ്പകൾക്ക് ചട്ടപ്രകാരം റിസ്ക് ഫണ്ട് അനുവദിക്കുവാൻ കഴിയാത്ത ചില കേസ്സുകളിൽ മാനുഷിക പരിഗണന നൽകി ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി, റിസ്ക് ഫണ്ട് വ്യവസ്ഥ 13(6) പ്രകാരം നിബന്ധനകളിൽ ഇളവ് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സഹകരണ വികസന ക്ഷേമനിധി ബോർഡ് തീരുമാനമെടുക്കുകയും പരാമർശം (2) ലെ കത്ത് പ്രകാരം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി സർക്കാരിൽ ശിപാർശ ചെയ്യുകയുമുണ്ടായി.

2) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാറുടെ കത്ത് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ ചേർത്തിരിക്കുന്നവരുടെ വായ്പകൾക്ക് നാലാമത് കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള റിസ്ക് ഫണ്ട് നിയമാവലിയിലെ വ്യവസ്ഥയിൽ ഇളവ് നൽകി അഞ്ചാമത്തെ കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക അനുവദിക്കണമെന്നുമാണ് ശിപാർശ ചെയ്തിട്ടുള്ളത്.

| ക്രമ നം. | വായ്പ എടുത്ത ആളുടെ പേര് | വായ്പ അനുവദിച്ച സഹകരണ ബാങ്ക് | ഇളവ് അനുവദിക്കുന്ന നിബന്ധന | റിസ്ക് ഫണ്ട് ധനസഹായ തുക (രൂപയിൽ) |
|---|---|---|---|---|
| 1. | ശ്രീ. വിനോദൻ ഇ.കെ. | തലശ്ശേരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ എഫ് 1030 (വായ്പ നമ്പർ KNRB 021/2016-17) | 4(ബി) | 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) |

| | | | | |
|---|---|---|---|---|
| | | (വായ്പ നമ്പർ KFHS 031/2016-17) | 4(ബി) | 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) |
| 2. | ശ്രീ. കണ്ണൻ | വടകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ എഫ് 1857 | 5 | 24,795/- (ഇരുപത്തി നാലായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) |
| 3. | ശ്രീ. രവീന്ദ്രൻ | വടകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ എഫ് 1857 (വായ്പ നമ്പർ - VRHB 012/2021-22) | 5 | 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) |
| 4. | ശ്രീ. ഒണക്കൻ | വടകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ എഫ് 1857 | 5 | 37,500/- (മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) |
| 5. | ശ്രീ. കൃഷ്ണൻ | വടകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ എഫ് 1857 (വായ്പ നമ്പർ VFFC 090/2021-22)<br><br>(വായ്പ നമ്പർ VRNH 345/2020-21) | 5<br><br>5 | 90,267/- (തൊണ്ണൂറായിരത്തി ഇരുന്നൂറ്റി അറുപത്തി എഴ് രൂപ മാത്രം)<br><br>1,00,000/- (ഒരു ലക്ഷം രൂപ മാത്രം) |
| 6. | ശ്രീ. ലക്ഷ്മണൻ | വടകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം നമ്പർ എഫ് 1857 (വായ്പ നമ്പർ VCCS 050/2019-20)<br><br>(വായ്പ നമ്പർ VFFC 331/2018-19)<br><br>(വായ്പ നമ്പർ VRNH 471/2018-19) | 5<br><br>5<br><br>5 | 40,242/- (നാൽപ്പതിനായിരത്തി ഇരുന്നൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം)<br><br>37,500/- (മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം)<br><br>37,500/- (മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) |
| | **ആകെ** | | | **7,67,804/- (ഏഴ് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം)** |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ റിസ്ക് ഫണ്ട് നിയമാവലിയുടെ ബന്ധപ്പെട്ട നിബന്ധനകളിൽ ഇളവ് വരുത്തി മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള 7,67,804/- (ഏഴ് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം) റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുവാൻ അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DILEEP S M

ഡെപ്യൂട്ടി സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ്, ടി.സി.25/357(4), ഗാന്ധാരിയമ്മൻ കോവിൽ റോഡ്, സ്റ്റാച്യൂ, തിരുവനന്തപുരം.
ബന്ധപ്പെട്ട അപേക്ഷകർക്ക് (കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാർ മുഖേന)
വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Rajesh S
സെക്ഷൻ ഓഫീസർ
Date: 25-02-2026 17:11:25